LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

**ആറാം സമ്മേളനം**

**2003 ജൂലായ് 31, വ്യാഴം**



നിയമസഭ 2003 ജൂലായ് മാസം 31-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ 767

**യാത്രി നിവാസുകളും ടൂറിസ്റ്റ് കോംപ്ലക്സുകളും ലീസിന് നൽകുന്ന നടപടി**

1 (*767) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യാ ഗവൺമെന്റ് ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ട യാത്രി നിവാസുകളും ടൂറിസ്റ്റ് കോംപ്ലക്സുകളും സ്വകാര്യ വ്യക്തികൾക്ക് ലീസിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം യാത്രി നിവാസുകളും ടൂറിസ്റ്റ് കോംപ്ലക്സുകളുമാണ് ലീസിന് നൽകുവാൻ ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത് ;

(സി) ലീസിന് വിട്ടുകൊടുക്കുവാൻ തീരുമാനിച്ച യാത്രി നിവാസുകളുടെ വാല്യൂ കണക്കാക്കുന്നതിനും ലീസ് ഡോക്യുമെന്റ് തയ്യാറാക്കുന്നതിനും ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏജൻസി ഏതാണെന്നും ഏതെല്ലാം യാത്രി നിവാസികളെ സംബന്ധിച്ച് ഏതെല്ലാം സംഗതികൾ തയ്യാറാക്കുവാനാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ;

(ഇ) സർക്കാർ വക സ്ഥാപനങ്ങൾ എന്ന നിലയിൽ വാല്യൂ ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി.-യെ ചുമതലപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണ് ;

(എഫ്) ചുമതലപ്പെടുത്തിയ സ്ഥാപനത്തെ ഏത് നിലയിലാണ് കണ്ടെത്തിയിട്ടുള്ളത് ; പ്രസ്തുത സ്ഥാപനത്തിന് നൽകേണ്ടുന്ന ഫീസ് സംബന്ധിച്ച് ധാരണ എന്താണ് ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ,

(എ) ഉണ്ട്.

(ബി) കൊണ്ടോട്ടി, മണ്ണാർക്കാട്, തിരുനെല്ലി എന്നിവിടങ്ങളിലെ യാത്രി നിവാസുകളും ഗുരുവായൂർ, കാലടി എന്നിവിടങ്ങളിലെ ടൂറിസ്റ്റ് കോംപ്ലക്സുകളും അടൂരിലെ വഴിയോര വിശ്രമകേന്ദ്രവുമാണ്.

(സി) ഉണ്ട്.

(ഡി) ചെന്നൈ ആസ്ഥാനമായുള്ള ഐ.ഡി.എഫ്.സി എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. യാത്രി നിവാസ് കൊണ്ടോട്ടി, മണ്ണാർക്കാട്, തിരുനെല്ലി, വഴിയോര വിശ്രമ കേന്ദ്രം അടൂർ, ടൂറിസ്റ്റ് കോംപ്ലക്സ് ഗുരുവായൂർ, കാലടി എന്നിവ പാട്ടത്തിന് നൽകുന്നതിനുള്ള രേഖകളും അവയുടെ അടിസ്ഥാന വില നിശ്ചയിക്കുന്നതുൾപ്പെടെയുള്ള മറ്റു കാര്യങ്ങളും തയ്യാറാക്കുക എന്നതാണ് ഈ ഏജൻസിയെ ഏൽപ്പിച്ചിട്ടുള്ള ജോലികൾ.

(ഇ&എഫ്) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 9 റെസ്റ്റ് ഹൗസുകൾ പാട്ടവ്യവസ്ഥയിൽ നൽകുന്നതിനാവശ്യമായ രേഖകൾ തയ്യാറാക്കിയതും, പ്രസ്തുത സ്ഥാപനങ്ങളുടെ മുഖവില നിർണ്ണയിച്ചതും ചെന്നൈ ആസ്ഥാനമായുള്ള ഈ ഏജൻസിയായിരുന്നു. ഈ രംഗത്ത് വളരെ പ്രശസ്തമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനം എന്ന നിലയിലാണ് ടൂറിസം വകുപ്പ് ഈ ജോലി ടി ഏജൻസിയെ ഏൽപ്പിച്ചത്. ഗവൺമെന്റ് ഉത്തരവുപ്രകാരം കൺസൽട്ടൻസി ചാർജ്ജിനത്തിൽ ഈ ഏജൻസിക്ക് നൽകേണ്ട തുകയുടെ 50 ശതമാനം ലേലം കൈക്കൊണ്ടിരിക്കുന്ന സ്വകാര്യ ഏജൻസികളിൽ നിന്നും ഈടാക്കേണ്ടതാണ്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ, ഭൂമി, കെട്ടിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും അതുപോലെ ടൂറിസ്റ്റുകളെ ആകർഷിക്കാനും കോടികൾ സർക്കാർ ഖജനാവിൽനിന്ന് ചെലവഴിക്കുന്ന ടൂറിസം വകുപ്പിന് യാത്രി നിവാസുകളും ടൂറിസ്റ്റ് കോംപ്ലക്സുകളും നഷ്ടക്കച്ചവടമാവുകയാണ്. എന്നാൽ ഇത്തരം പ്രധാന മുതൽമുടക്കുകളൊന്നും ഇല്ലാത്ത സ്വകാര്യ കമ്പനികൾക്ക് ഇത് വലിയ ലാഭകച്ചവടമാണ് എന്നതിന്റെ ഒരു പരസ്യ പ്രഖ്യാപനമാണ് മന്ത്രിയുടെ മറുപടി. എന്റെ ചോദ്യം, ടൂറിസം വകുപ്പിന് ഇത്തരം സംരംഭങ്ങൾ ലാഭകരമായി നടത്താൻ കഴിയുമോ എന്നതിനെക്കുറിച്ച് എന്തെങ്കിലും ചർച്ചകളോ പഠനമോ നടത്തിയതിന് ശേഷമാണോ സർക്കാർ ഇത്തരം തീരുമാനമെടുത്തത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ് : സർ, ഈ യാത്രി നിവാസുകളും ടൂറിസ്റ്റ് കോംപ്ലക്സുകളും പുതുയതായി ആരംഭിച്ചതാണ്. പഴയതല്ല. ഇവയെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ 50 ശതമാനം അല്ലെങ്കിൽ 80 ശതമാനം സാമ്പത്തിക സഹായത്തോടുകൂടിയാണ് ആരംഭിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ തന്നെ പോളിസിയനുസരിച്ച് ഇതിന്റെ മാനേജ്മെന്റ് ഒരു പ്രത്യേക കാലത്തേക്ക് ഒന്നുകിൽ സ്വകാര്യ ഏജൻസി അല്ലെങ്കിൽ സഹകരണ പ്രസ്ഥാനങ്ങൾ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കണമെന്നാണ് അവരുടെ നിർദ്ദേശം. മറ്റൊന്ന്, ഇത്തരം സ്ഥാപനങ്ങൾ സംസ്ഥാന ടൂറിസം ഡിപ്പാർട്ട്മെന്റിന് നേരിട്ട് നടത്തുന്നതിനുള്ള സംവിധാനങ്ങളില്ല. കെ.ടി.ഡി.സി. വഴിയാണ് സാധാരണ ഇത് നടത്താൻ ശ്രമിക്കുന്നത്. കെ.റ്റി.ഡി.സി നടത്തികൊണ്ടിരിക്കുന്ന പല യാത്രി നിവാസുകളും തിരിച്ചേൽപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ് അവർ. കാരണം അവ വലിയ നഷ്ടത്തിലാണ് പോകുന്നത്. ഈ സാഹചര്യത്തിലാണ് ഇത്തരമൊരു സംവിധാനത്തെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന്റെ പോളിസി കൂടി കണക്കിലെടുത്തു കൊണ്ട് ആ നിർദ്ദേശം ടൂറിസം ഡിപ്പാർട്ട്മെന്റ് നൽകിയിട്ടുള്ളത്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : ഇങ്ങനെ ലീസിന് വിട്ടുകൊടുക്കാൻ ടൂറിസം വകുപ്പ് തീരുമാനിച്ച സ്ഥാപനങ്ങളുടെ വാല്യൂ കണക്കാക്കാനും അതുപോലെ ലീസ് ഡോക്യുമെന്റ് തയ്യാറാക്കുന്നതിനും ചെന്നൈ ആസ്ഥാനമായുള്ള M/s. Infrastructure Development Finance Company Limited എന്ന സ്വകാര്യ സ്ഥാപനത്തെയാണ് ഏൽപ്പിച്ചതെന്ന് മന്ത്രി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട ഈ ചുമതല നിർവ്വഹിക്കാൻ ഈ സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുന്നതിന് പകരം വിദഗ്ദ്ധൻമാരടങ്ങിയ ഒരു സർക്കാർ ഏജൻസിയെയോ കമ്മിറ്റിയേയോ നിയോഗിക്കുന്നതായിരുന്നില്ലേ കൂടുതൽ ഫലപ്രദമായ നടപടി എന്നതാണ് രണ്ടാമത്തെ ചോദ്യം.

പ്രൊഫ. കെ. വി. തോമസ് : സാധാരണ ഇത്തരം സ്ഥാപനങ്ങളുടെ നിർമ്മാണം നടത്തുന്നതും അതിന്റെ വില നിശ്ചയിക്കുന്നതും ഒന്നുകിൽ സി.പി.ഡബ്ല്യൂ.ഡി അല്ലെങ്കിൽ പി.ഡബ്ല്യൂ.ഡി. ആണ്. സംസ്ഥാന പി.ഡബ്ല്യൂ.ഡി തന്നെ നേരിട്ടല്ല ഇത്തരം കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. അവർ സെലക്റ്റ് ചെയ്തിട്ടുള്ള ഏജൻസിയാണ് ഐ.ഡി.എഫ്.സി. പി.ഡബ്ല്യൂ.ഡി സെലക്ട് ചെയ്ത ഏജൻസി എന്ന നിലയിൽ തന്നെയാണ് ഞങ്ങളും ഈ ഏജൻസിയെ സജസ്റ്റ് ചെയ്തിട്ടുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : 50 ശതമാനം കേന്ദ്ര സഹായത്തോടുകൂടി നിർമ്മിക്കപ്പെട്ടതും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കേന്ദ്ര ടൂറിസം വകുപ്പിൽ നിക്ഷിപ്തമായതുമായ ഈ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ലീസിന് നൽകുന്നതിനുവേണ്ടി കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവ് മേശപ്പുറത്ത് വയ്ക്കുമോ ?

പ്രൊഫ. കെ. വി. തോമസ് : കേന്ദ്ര ഗവൺമെന്റ് ഇന്നിന്റെ നിർദ്ദേശം തന്നിട്ടുണ്ട്. ഇതൊരു പോളിസി ഡിസിഷൻ എന്ന നിലയിൽ എടുക്കാൻ പറഞ്ഞിട്ടുണ്ട്. അതിന്റെ ഡീറ്റെയിൽസ് വരുന്നതേയുള്ളു. പോളിസി ഡിസിഷൻ എന്ന നിലയിൽ നിർദ്ദേശം വന്നിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കേന്ദ്ര ടൂറിസം ഡിപ്പാർട്ടുമെന്റിൽ പ്രസിഡന്റ് ഓഫ് ഇൻഡ്യയുടെ പേരിൽ കിടക്കുന്ന സ്ഥലമാണിത്. അങ്ങനെയുള്ള ഈ സ്ഥലം കേന്ദ്രം വിനോദസഞ്ചാര വകുപ്പിന് ലീസിന് നൽകിയതാണ്. അങ്ങനെ കേന്ദ്രം നമുക്ക് ലീസിന് നൽകിയിട്ടുള്ള സ്ഥലം സ്വകാര്യ വ്യക്തിക്ക് സബ് ലീസിന് കൊടുക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ടോ; അങ്ങനെ സബ് ലീസിന് കൊടുത്തുകഴിഞ്ഞാൽ ആ എഗ്രിമെന്റ് നിയമപരമായി നിലനിൽക്കുമോ; ഈ നിയമവശങ്ങളെല്ലാം പരിശോധിച്ചുകൊണ്ടാണോ ഇത് ചെയ്തത്; ഇപ്പോൾ ഇതിനകം നടത്തിയിട്ടുള്ള ഈ കരാറിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും കൊടുക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ?

പ്രൊഫ. കെ. വി. തോമസ് : ആർക്കും കൊടുക്കാൻ തീരുമാനമെടുത്തിട്ടില്ല. ഇത് കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായം കിട്ടുന്ന പ്രോജക്ടാണെങ്കിലും ഇതെല്ലാം സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ളതാണ്. പക്ഷെ ഇത് കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷം അവരുടെ അംഗീകാരം കൂടി വാങ്ങിയതിനുശേഷം മാത്രമേ നടപ്പിലാക്കുകയുള്ളു. ഇതൊന്നും നടപ്പിലാക്കിയിട്ടില്ല. ഒരു പ്രോജക്ട് പോലും നടപ്പിലാക്കിയിട്ടില്ല. ഇത്തരം കാര്യങ്ങൾ പഠനത്തിലായിരിക്കുന്നതേയുള്ളു. നിയമവശങ്ങൾ പരിശോധിച്ച് മാത്രമേ ചെയ്യുകയുള്ളു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം ഗസ്റ്റ് ഹൗസുകൾ സ്വകാര്യ മേഖലയ്ക്ക് കൈമാറിയെന്ന് വ്യക്തമാക്കുമോ ; ഇത് സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച് ടൂറിസം വകുപ്പും സ്വകാര്യ ഉടമകളും തമ്മിൽ എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ ?

പ്രൊഫ. കെ. വി. തോമസ് : ഈ കമ്മ്യൂണിൽപ്പെട്ടതല്ലെങ്കിൽപ്പോലും ഗവൺമെന്റിന്റെ കയ്യിലുള്ള ഗസ്റ്റ് ഹൗസുകളും ടൂറിസം ഡിപ്പാർട്ടുമെന്റ് നടത്തുന്ന ഗസ്റ്റ് ഹൗസുകളും ആരെയും ഏൽപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ഇതുവരെ അങ്ങനെയൊരു ചർച്ചയും നടന്നിട്ടില്ല. ഗവൺമെന്റിന്റെ കയ്യിലുള്ള ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ എല്ലാ ഗസ്റ്റ് ഹൗസുകളും ടൂറിസം ഡിപ്പാർട്ട്മെന്റ് തന്നെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : വർക്കല, കാപ്പാട് എന്നീ ബീച്ച് റിസോർട്ടുകൾ ലീസ് അടിസ്ഥാനത്തിൽ സ്വകാര്യ ഏജൻസികൾ നടത്തിയതുവഴി സർക്കാരിന് ഇതുവരെ ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; അതോടൊപ്പം തന്നെ സർക്കാരിന്റെ പൊതുമുതൽ അന്യായ വിലയ്ക്ക് സ്വകാര്യ വ്യക്തികൾ തട്ടിക്കൊണ്ടുപോകാതിരിക്കാൻ വേണ്ടി ഇപ്പോൾ എൻഗേജ് ചെയ്തിട്ടുള്ള ഏജൻസിയെ ഒഴിവാക്കി ഖജനാവിനോട് കമ്മിറ്റഡായിട്ടുള്ളവരെ ഇത് ഏൽപ്പിക്കാൻ സർക്കാർ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ് : ഇത് യാത്രി നിവാസുമായി ബന്ധപ്പെട്ട ചോദ്യമല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ പൂർത്തിയാക്കപ്പെട്ടിട്ടുള്ള ടൂറിസ്റ്റ് കോംപ്ലക്സിലൊന്നാണ് അടൂരിലുള്ളത്. അവിടെ ടൂറിസ്റ്റ് കോംപ്ലക്സ് പണി പൂർത്തിയാക്കിയിട്ട് ദീർഘകാലമായി. പക്ഷേ അത് തുറന്ന് പ്രവർത്തിക്കുന്നില്ല. അത് കെ.ടി.ഡി.സി.യെ ഏൽപ്പിക്കുമെന്നാണ് മറുപടിയിൽനിന്ന് മനസ്സിലാകുന്നത്. അത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി എന്നേക്കുണ്ടാകും ?

പ്രൊഫ. കെ. വി.തോമസ്: അടൂർ വഴിയോര വിശ്രമ കേന്ദ്രം കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി വന്നതാണ്. അതും ഇതുപോലെ തന്നെ സുതാര്യമായ മാർഗ്ഗത്തിൽ കൊടുക്കണമെന്ന് നിർദ്ദേശം വന്നുവെങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച് എത്രയും വേഗം കെ.റ്റി.ഡി.സി.യോട് ഏറ്റെടുക്കാൻ ആവശ്യപ്പെടും. കെ.ടി.ഡി.സി. അത് നടത്തുന്നതാണ്.

ശ്രീ. ബിനോയ് വിശ്വം : മന്ത്രിയുടെ മറുപടിയിൽനിന്ന് വ്യക്തമായത് പോളിസി ഗൈഡ്ലൈൻസ് മാത്രം അപൂർണ്ണമായിട്ട് ഉണ്ടായിരിക്കെ തിരക്കുപിടിച്ച രീതിയിൽ ഗവൺമെന്റ് നീങ്ങിയെന്നാണ്. അത് വളരെയധികം സംശയാസ്പദമാണ്. അതിലുപരി കെ.റ്റി.ഡി.സി.യെ ഇത് ഏൽപ്പിക്കാൻ നിർദ്ദേശിച്ച പോലെയാണ് ഇവിടെ ഉത്തരവുണ്ടായിരിക്കുന്നത്. എന്തുകൊണ്ട് ടൂറിസം വകുപ്പ് സ്വന്തം അധീനതയിലുള്ള കെ.ടി.ഡി.സി.യെ മറികടന്നുകൊണ്ട് ഐ.ഡി.എഫ്.സി.യെ ഏജൻസിയായിട്ട് വച്ചുവെന്ന കാര്യം പറയണം; അതോടൊപ്പംതന്നെ സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കാനുള്ള ഒരു വാശി കാണിച്ചതും വിശദമാക്കേണ്ട കാര്യമാണ്.

പ്രൊഫ. കെ. വി. തോമസ്: ഇത് ആരെയും ഏൽപ്പിച്ചിട്ടില്ല. എടുക്കാവുന്ന പരമാവധി കേന്ദ്രങ്ങൾ കെ.ടി.ഡി.സി.യോട് എടുക്കാൻ പറഞ്ഞിട്ടുണ്ട്. പക്ഷേ കെ.ടി.ഡി.സി ഏറ്റെടുത്തിട്ടുള്ള പലതും ഇപ്പോൾ തിരിച്ച് തരികയാണ്. അവർക്കിപ്പോൾ വലിയ സാമ്പത്തിക ബാദ്ധ്യതയാണ്. ഉദാഹരണത്തിന്, ഇപ്പോൾ അടൂരിൽ ഞാനും എം.എൽ.എ.യും കൂടി സമ്മർദ്ദം ചെലുത്തിയതിന് ശേഷമാണ് അവിടെ ഒരു മാനേജരെ വച്ചത്. നമ്മൾ ഉദ്ദേശിക്കുന്നതുപോലെ എളുപ്പമല്ല. കെ.ടി.ഡി.സി നഷ്ടത്തിലേക്ക് പോകുമ്പോൾ ഈ കൊല്ലം 5 കോടി രൂപയാണ് സഹായം കൊടുക്കുന്നത്. അതുകൊണ്ട് നമുക്കിത് ലാഭകരമാക്കിയേ പറ്റൂ. ഞങ്ങൾ സുതാര്യമെന്ന് പറയുന്നത്, ഇതെല്ലാം പബ്ലിഷ് ചെയ്ത് ക്യാബിനറ്റിന്റെ അംഗീകാരത്തോടുകൂടിയാണ് നടത്തുന്നത്. അതുപോലെതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സഹകരണ പ്രസ്ഥാനങ്ങളോ ഈ രംഗത്ത് വന്നാൽ അവരെ ഏൽപ്പിക്കാൻ, ഗവൺമെന്റ് ഒരുക്കമാണ്. പക്ഷേ അതിന് മാർഗ്ഗനിർദ്ദേശം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ് : World Travel and Tourism Council-ലും Oxford Economics Forecasting Group-ഉം നടത്തിയ സർവ്വേ പ്രകാരം ഈ ദശകത്തിൽ ടൂറിസം രംഗത്ത് ലോകത്തുതന്നെ ഏറ്റവും വളർച്ച ഉണ്ടാക്കുന്ന പ്രദേശമായി കേരളത്തെ കണ്ടെത്തിയിരിക്കുകയാണ്. വളരെയധികം മാറ്റം 10 വർഷം കൊണ്ട് ഉണ്ടായിരിക്കുന്നു. ഈ മേഖലയിലുള്ള അനന്തമായ വികസന സാദ്ധ്യതകളും കണക്കിലെടുത്തുകൊണ്ട് ലീസ് എഗ്രിമെന്റ് ഉണ്ടാക്കുമ്പോൾ പരമാവധി കാലാവധി കുറച്ചുകൊണ്ടുവരുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

പ്രൊഫ. കെ. വി. തോമസ് : ഈ നിർദ്ദേശങ്ങളെല്ലാം ഇതിന്റെ മുൻപിലുണ്ട്. മൂന്ന് വർഷം വേണമോ അഞ്ച് വർഷം വേണമോ എന്നത്. അതേ സന്ദർഭത്തിൽ തന്നെ ഇപ്പോൾ നമ്മുടെ നാട്ടിൽ ധാരാളം കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ടൂറിസത്തിന്റെ പേരിൽ വരുന്നുണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമുണ്ട്. അവർ വരികയാണെങ്കിൽ സ്വാഭാവികമായും അവർക്കായിരിക്കും ഗവൺമെന്റ് മുൻഗണന കൊടുക്കുന്നത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : യാത്രി നിവാസികളും ഗസ്റ്റ് ഹൗസുകളും നഷ്ടത്തിലാണെന്നുള്ളതുകൊണ്ട് സ്വകാര്യ ഏജൻസികളെ ഏല്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുകയാണെന്നുള്ളതാണ് ഇവിടെ പറഞ്ഞത്. എന്റെ നിയോജകമണ്ഡലത്തിൽ ഒന്നരവർഷംമുമ്പ് അങ്ങ് യാത്രി നിവാസിന് തറക്കല്ലിട്ടു. ഇപ്പോൾ നഷ്ടത്തിലാണെന്നുള്ളതു കൊണ്ടാണോ അതിന്റെ പണിപൂർത്തീകരിക്കാതിരിക്കുന്നത് ? ഏതെങ്കിലും ഏജൻസിയെ ഏല്പിച്ച് അതിന്റെ നിർമ്മാണപ്രവർത്തനം പൂർത്തിയാക്കി അത് ഏല്പിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കാൻ തയ്യാറാകുമോ ?

പ്രൊഫ. കെ. വി. തോമസ് : ഇതൊക്കെത്തന്നെയാണ് പ്രശ്നം. ആ വർക്ക് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ തുടങ്ങിയ വർക്കാണ്. സി.പി.ഡബ്ല്യു.ഡിയെയാണ് ഏല്പിച്ചിരിക്കുന്നത്. അതിന് സ്ഥലം കിട്ടുന്നതിനുണ്ടായ കാലതാമസം, പിന്നെ കോൺട്രാക്ടാകാനുണ്ടായ താമസം ഒക്കെ ഉണ്ട്. പിന്നെ പണി നടക്കുന്നുണ്ട്. നമ്മൾ നടത്തുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകളാണ്. അതുകൊണ്ടാണ് കെടി.ഡി.സി. യെ ഏല്പിക്കാവുന്നത് മുഴുവൻ അവരെ ഏല്പിക്കാൻ ഞങ്ങൾ തയ്യാറാണ്. ഇത് കഴിഞ്ഞ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വരികയാണെങ്കിൽ അവരെ ഏല്പിക്കാൻ തയ്യാറാണ്. ഇതിന്റെ പ്രായോഗിക വശംകൂടി കണ്ടുകൊണ്ട് മുന്നോട്ട് പോയില്ലെങ്കിൽ അതിന്റെ ബുദ്ധിമുട്ടുകളൊക്കെ ഇവിടെയുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : നയാഗ്രാ വെള്ളച്ചാട്ടത്തെ അനുസ്മരിപ്പിക്കുന്ന വെള്ളച്ചാട്ടം ഉൾപ്പെടെ പ്രകൃതി മനോഹരമാണ് അതിരപ്പിള്ളി. അതിരപ്പിള്ളിയിൽ കെ.ടി.ഡി.സി.യുടെയും കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെയും ഫോറസ്റ്റിന്റെയും ഒക്കെ ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ട്. പക്ഷേ ഒന്നും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. കേരള പ്ലാന്റേഷൻ കോർപ്പറേഷനിൽ സർവ്വീത സൗകര്യങ്ങളോടുകൂടിയ കെട്ടിടം ഉദ്ഘാടനം ചെയ്ത് 5 കൊല്ലമായിട്ടും തുറന്നു കൊടുത്തിട്ടുപോലുമില്ല. ഈ നിലയിൽ അതിരപ്പിള്ളിയിൽ സ്വകാര്യവ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക വിധത്തിലുള്ള ഒരു കേന്ദ്രം ആരംഭിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ് : പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ളതാണ് അത്. മറ്റൊന്ന് കെ.ടി.ഡി.സി.യുടെത്. രണ്ടും വർഷങ്ങളായി തുറന്നെങ്കിലും പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇതൊക്കെയാണ് ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ട്. അത്തരം സാഹചര്യങ്ങളിലാണ് സുതാര്യമായ മാർഗ്ഗത്തിൽ ഇത് പ്രൈവറ്റ് ഏജൻസികൾക്ക് കൊടുക്കണമെന്ന നിർദ്ദേശം അംഗങ്ങളിൽ നിന്നുതന്നെ ഉണ്ടായത്. അത് പരിശോധിച്ച് ഒരു സുതാര്യമായ മാർഗ്ഗത്തിലൂടെ സംവിധാനമുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ : നമ്മുടെ യാത്രി നിവാസുകളും ടൂറിസ്റ്റ് കോപ്ലക്സുകളും ലീസിന് നൽകുമ്പോൾ ഇത് ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കുവാൻ തയ്യാറായി വല്ല അപേക്ഷകളും ലഭിച്ചിട്ടുണ്ടോ. അത് പരിഗണിക്കാതെ തന്നെ പ്രൈവറ്റ് പാർട്ടികൾക്ക് കൊടുക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നതാണ് ചോദ്യം.

പ്രൊഫ. കെ. വി. തോമസ് : ഞാൻ സൂചിപ്പിച്ചതുപോലെ ത്രിതല പഞ്ചായത്തുകൾ, നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസ്റ്റ് സഹകരണസംഘങ്ങൾ ഇവരൊക്കെ മുന്നോട്ടുവന്നാൽ, അവർക്കായിരിക്കും ഗവൺമെന്റ് ഫസ്റ്റ് പ്രിഫറൻസ് കൊടുക്കുക.

പ്രൊഫ. എ. ഡി. മുസ്തഫ : ടൂറിസ്റ്റ് ബംഗ്ലാവുകളും യാത്രീനിവാസും സ്ഥാപിക്കുമ്പോൾ അതിന്റെ ഉദ്ദേശമെന്നുപറയുന്നത് ലാഭമുണ്ടാക്കലല്ല. മറിച്ച് ആ പ്രദേശം സന്ദർശിക്കുന്ന മന്ത്രിമാരടക്കം വി.ഐ.പി.മാർക്ക് ഒരു പ്രത്യേക സൗകര്യം ഏർപ്പാടു ചെയ്തുകൊടുക്കുക എന്നുള്ളതാണ്. ഇതിപ്പോൾ നഷ്ടത്തിലാണെന്നുപറഞ്ഞ് ഒഴിവാക്കുമ്പോൾ ആ ഉദ്ദേശം വേണ്ടെന്നു വച്ചതാണോ ?

പ്രൊഫ. കെ. വി. തോമസ് : ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ ഒന്നും ആർക്കും കൊടുക്കാൻ ഉദ്ദേശിച്ചിട്ടില്ല. പക്ഷേ യാത്രി നിവാസ് ഉൾപ്പെടെ വരുന്നത് കൊമേഴ്സ്യൽ ആംഗിളിലാണ്. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായമൊക്കെ കൊമേഴ്സ്യൽ ആംഗിളിൽ വരുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : അങ്ങ് ഇവിടെ മുമ്പ് ടൂറിസവുമായി ബന്ധപ്പെട്ട് ഒരു ഉത്തരം പറഞ്ഞപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്നു പറഞ്ഞിരുന്നു. ഇന്ന് അങ്ങ് മറുപടി പറഞ്ഞപ്പോൾ കെ.ടി.ഡി.സി. വമ്പിച്ച നഷ്ടത്തിൽ എത്തിയിരിക്കുകയാണെന്ന് സൂചിപ്പിച്ചു. അതുകൊണ്ടാണ് കെ.ടി.ഡി.സി. യെ ഏല്പിക്കാൻ ബുദ്ധിമുട്ടുള്ളതെന്നുപറഞ്ഞു. എന്റെ ചോദ്യം യാത്രി നിവാസുകൾ ചില സ്ഥലങ്ങളിൽ ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിനോട് ചേർന്നാണ് കിടക്കുന്നത്. അപ്പോൾ ഇത് കേന്ദ്ര ഗവൺമെന്റുമായിട്ടുള്ള ഉടമ്പടിയായാലും ലീസിന്റെ വ്യവസ്ഥകളിലൊക്കെ നമ്മുടെതന്നെ സ്ഥലമായിരിക്കും ചിലത് കേന്ദ്ര ഗവൺമെന്റിന്റെ പണം ബന്ധപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കണം. അങ്ങനെ യാത്രി നിവാസ് മാത്രമായിട്ട് കൈമാറ്റപ്പെടുമ്പോൾ ഗസ്റ്റ് ഹൗസുകളെ കൂടി അത് ബാധിക്കുകയില്ലേ ? അങ്ങ് ഇവിടെ ബാധിക്കുകയില്ല എന്ന് പറഞ്ഞു. ഞാൻ കൃത്യമായിട്ട് ചോദിക്കുകയാണ് ആലുവ ഗസ്റ്റ് ഹൗസും തൃശ്ശൂർ രാമനിലയവും കൈമാറ്റപ്പെടുകയില്ല എന്ന് അങ്ങേയ്ക്ക് ഉറപ്പിച്ച് ഇവിടെ പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ് : ഒരു കാരണവശാലും രാമനിലയവും ആലുവ ഗസ്റ്റ് ഹൗസും കൈമാറ്റപ്പെടുന്നതല്ല. ഇപ്പോൾ നിലവിലുള്ള യാത്രി നിവാസുകളല്ല. കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച് നിർമ്മാണം പൂർത്തിയാക്കി ഓപ്പറേഷനലായിട്ട് വരാൻ പോകുന്നത് ഇതിനകത്ത് വരുന്നുണ്ട്. വേറെ ഒന്നും അതിനകത്ത് വരുന്നില്ല. കെ.ടി.ഡി.സി. ലാഭത്തിലല്ല എന്നാണ് എന്റെ മറുപടി. ടേൺ ഓവർ കഴിഞ്ഞ വർഷത്തെക്കാൾ 2 കോടി വർദ്ധിച്ചിട്ടുണ്ട്. പക്ഷേ പഴയ നഷ്ടങ്ങൾ നിലനിൽക്കുകയാണ്. കാലാകാലങ്ങളിലുള്ള നഷ്ടങ്ങൾ നിലനിൽക്കുകയാണ്. കെ.ടി.ഡി.സി. ചോദിക്കുന്ന ഏത് പ്രോപ്പർട്ടിയും ഞങ്ങൾ അവർക്ക് കൊടുക്കാൻ തയ്യാറാണ്. കെ.ടി.ഡി.സി. ഏറ്റെടുത്ത പല പ്രോപ്പർട്ടിയും തിരിച്ച് നൽകുന്ന സ്ഥിതിവിശേഷത്തിലാണ് അവർ നിൽക്കുന്നത്.

ശ്രീ. എം. എ. ചന്ദ്രശേഖരൻ : സർക്കാർ വക സ്ഥാപനമെന്ന നിലയിൽ വാല്യൂവേഷൻ ചെയ്യുമ്പോൾ പൊതുവായ ഏതെല്ലാം വ്യവസ്ഥകളാണ് ഇതിന് പറഞ്ഞിട്ടുള്ളത്. ?

പ്രൊഫ. കെ. വി. തോമസ് : സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വാല്യൂവേഷൻ നടത്തണമെങ്കിൽ ഒന്നുകിൽ പി.ഡബ്ല്യു.ഡി. അല്ലെങ്കിൽ സി.പി.ഡബ്ല്യു.ഡി.യാണ് ചെയ്യേണ്ടത്. പി.ഡബ്ല്യു.ഡി. ഇക്കാര്യത്തിൽ നോംസ് ഉണ്ടാക്കി അതിന്റെ അടിസ്ഥാനത്തിലാണ് ഐ.ഡി.എഫ്.സി. എന്ന ഏജൻസിയെ ഏല്പിച്ചത്. അതുകൊണ്ട് ഞങ്ങളും ആ പി.ഡബ്ല്യു.ഡി. നോംസ് തന്നെയാണ് ഇതിനും ബാധകമാക്കുന്നത്.

ശ്രീ മത്തായി ചാക്കോ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ ലിസ്റ്റിൽ കോഴിക്കോട് ഗസ്റ്റ് ഹൗസിലുള്ള യാത്രിനിവാസ് കൈമാറിയതായി പറഞ്ഞിട്ടില്ല. പത്ര വാർത്ത വന്നു, 48.7 ലക്ഷം രൂപയ്ക്ക് നിർമ്മിച്ചിട്ടുള്ള ഈ യാത്രി നിവാസ് കൈമാറ്റം ചെയ്തിട്ടുണ്ടോ ? കൈമാറ്റം ചെയ്യുന്ന കാര്യത്തിൽ എല്ലാം കെ.ടി.ഡി.സി.യെ ഒഴിവാക്കിയതായി അതിന്റെ പ്രോജക്ട് എല്ലാം ഒഴിവാക്കിയതായി അതിന്റെ ചെയർപേഴ്സൺന്റെ പരാതി ദിവസവും പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ ഈ യാത്രിനിവാസുകൾ ലാഭകരമായി നടത്തുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട വിനോദസഞ്ചാര വകുപ്പുമന്ത്രിയും കെ.ടി.ഡി.സി. ചെയർ പേഴ്സണും തമ്മിലുള്ള ബന്ധത്തിന്റെ തകർച്ച ഇതിന്റെ വളർച്ചയെ തടസപ്പെടുത്തുന്നുണ്ടോ എന്നതാണ് എന്റെ ചോദ്യം.

പ്രൊഫ. കെ. വി. തോമസ് : കോഴിക്കോട് യാത്രനിവാസിന്റെ കാര്യം അദ്ദേഹത്തിനുതന്നെ അറിയാം. അത് ഉദ്ഘാടനം ചെയ്യുമ്പോൾ യാത്രി നിവാസ് നടത്താൻ സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. ഉദ്ഘാടന ചടങ്ങിൽ എടുത്ത തീരുമാനം അനുസരിച്ച് കോഴിക്കോട് ഗസ്റ്റ് ഹൗസിനോടുതന്നെ അത് മാനേജ് ചെയ്യാൻ പറഞ്ഞിരുന്നു. അവരാണ് മാനേജ് ചെയ്യുന്നത്. വേറെ ആരെയും ഏല്പിച്ചിട്ടില്ല. അദ്ദേഹത്തിന് അറിയാവുന്ന കാര്യമാണ്.

ശ്രീ. കെ. ബാബു : സംസ്ഥാനത്ത് ഇനി എത്ര സ്ഥലങ്ങളിൽ യാത്രി നിവാസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട് ? ഈ യാത്രി നിവാസുകൾ വാടകയ്ക്ക് കൊടുക്കുന്നതുകൊണ്ട് കുറഞ്ഞ നിരക്കിൽ ആഭ്യന്തര ടൂറിസ്റ്റുകൾക്ക് താമസിക്കാനുള്ള സൗകര്യം അതു ഉണ്ടാക്കുകയെന്നുള്ളതാണ് യാത്രി നിവാസ് കൊണ്ട് ഉദ്ദേശിക്കുന്നത്. ആ സൗകര്യം നിലനിൽക്കുമോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ് : ഇപ്പോൾ പുതുതായി നിർദ്ദേശങ്ങളൊന്നും കേന്ദ്ര ഗവൺമെന്റ് അപ്രൂവ് ചെയ്തിട്ടില്ല. അപ്രൂവ് ചെയ്ത കാര്യങ്ങളാണ് ഇപ്പോൾ പൂർത്തീകരിക്കുന്നത്. അതിൽത്തന്നെ വാടക നിശ്ചിത നിലവാരം കേന്ദ്ര ഗവൺമെന്റുതന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഉള്ളിൽ നിന്നുകൊണ്ട് മാത്രമേ ഇതിന്റെ മാനേജ്മെന്റ് നടത്താൻ കഴിയൂ. അതൊക്കെ അതിന്റെ കണ്ടീഷനിൽ വരുന്ന കാര്യങ്ങളാണ്. ഇത് സാധാരണക്കാർക്ക്, ഒരു മിഡിൽ ലവൽ ആൾക്കാർക്ക് ഉപയോഗിക്കുന്നതിനുവേണ്ടിയാണ് യാത്രി നിവാസ് നിർമ്മിച്ചിരിക്കുന്നത്.

ശ്രീ. ടി. എ. എം. സാഹിർ : കോഴിക്കോട് ഗസ്റ്റ്ഹൗസിന്റെ താഴെയാണ് യാത്രിനിവാസ് പണിതിട്ടുള്ളത്. അങ്ങ് ഇപ്പോൾ ഉത്തരം പറഞ്ഞതിൽതന്നെ സാധാരണക്കാർക്ക് താമസിക്കാനുള്ള ഒരു സ്ക്കീമിലാണ് കേന്ദ്ര ഗവൺമെന്റ് ഇതിന് ലോൺ തന്നത്. പക്ഷേ അതിന്റെ ലൊക്കേഷൻ കൊണ്ടുതന്നെ ഒരു കാറിൽ അല്ലാതെ അവിടെ എത്താൻപറ്റില്ല. അതുകൊണ്ടുതന്നെ അങ്ങനെയുള്ള സ്ഥലങ്ങളിൽ യാത്രി നിവാസ് പണിതതിന്റെ അടിസ്ഥാനത്തിൽ ലാഭത്തിൽ പോവുകയില്ല എന്ന് ഏതായാലും ഉറപ്പുതന്നെയാണ്. അതുകൊണ്ട് കെ.ടി.ഡി.സി. നടത്തുന്ന സ്ഥാപനമായി ഇത് മാറുമ്പോൾ കേന്ദ്ര ഗവൺമെന്റിൽ എഴുതി ഇതിന് വല്ല ഇളവും നൽകാൻ അങ്ങ് ശ്രമിക്കുമോ ?

പ്രൊഫ. കെ. വി. തോമസ് : ഇപ്പോൾ കോഴിക്കോട്ടുള്ള യാത്രി നിവാസിനെ സംബന്ധിച്ചിടത്തോളം ഞാൻ കഴിഞ്ഞ പ്രാവശ്യം പോയി മനസ്സിലാക്കിയിടത്തോളം, അവിടെ ഫുൾ ഓക്കുപെൻസിയുണ്ടെന്നുള്ളതാണ്. പക്ഷേ സംസ്ഥാന ടൂറിസം ഡിപ്പാർട്ടുമെന്റ് ഗസ്റ്റുഹൗസുകൾ നടത്തുന്ന നോംസ് അനുസരിച്ചായിരിക്കും ഈ യാത്രി നിവാസ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഒരു റെന്റ് സ്ട്രക്ച്ചറാണ് അവിടെയുള്ളത്.

ശ്രീ. എ. കെ. ബാലൻ : ഈ യാത്രി നിവാസും വഴിയോര റസ്റ്റോറന്റുകളും വയബിളായി നടക്കണമെങ്കിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. അതു പോലെതന്നെ കേരളീയ രീതിയിലുള്ള ശുചിത്വമുള്ള ഭക്ഷണം കൊടുക്കണം. നമ്മുടെ ഇവിടെയുള്ള കേരളീയ ഭക്ഷണം കൊടുത്താൽ അവിടെയൊക്കെ ആൾക്കാർ പോകുമോ ; ഞാൻ ഒരു യാത്രി നിവാസിൽ പോയി. ഉച്ചത്തെ ചോറാണ് രാത്രിയിലത്തെ കഞ്ഞി. അതുതന്നെയാണ് രാവിലത്തെ ഇഡ്ഡലി. നമ്മുടെ ക്യാന്റീനും ഏതാണ്ട് അതേ രൂപത്തിൽത്തന്നെയാണ്. ഇത് കൊടുത്താൽ ആരും പോകില്ല. അപ്പോൾ നല്ല ഭക്ഷണം കൊടുക്കുക. വെജിറ്റേറിയനും നോൺ വെജിറ്റേറിയനും ഉണ്ട്. കോഴിക്കോട് സാഗർ ഹോട്ടലുണ്ട്. ക്യൂ നില്ക്കണം. തലശ്ശേരിയിൽ ഒരു മോഡേൺ ഹോട്ടലുണ്ട്. ഒരു മണിക്ക് പോയാൽ മുന്നു മണിക്കാണ് ഭക്ഷണം കിട്ടുക. പാലക്കാട്ട് ഒരു നൂർജഹാൻ ഹോട്ടലുണ്ട്. ക്യൂ നില്ക്കണം.....(ബഹളം).....

മി. സ്പീക്കർ : ശ്രീ. ബാലൻ ഒരു ഭക്ഷണപ്രിയനാണെന്നു തോന്നുന്നു. For your information എം. എൽ. എ. ക്വാർട്ടേഴ്സിന്റെ കാര്യത്തിൽ പറയുന്നു. ഹോസ്റ്റലിലെ കാര്യം ഞാൻ ഹൗസ് കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്. ഞാൻ അതിൽ ഇടപെടുന്നില്ല. കംപ്ലീറ്റ് ഹൗസ് കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : അതുകൊണ്ട് ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള യാത്രി നിവാസിലും വഴിയോര കേന്ദ്രങ്ങളിലും രുചികരമായ ഭക്ഷണം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ ഉറപ്പുണ്ടാക്കിയാൽ ഇത് നമുക്ക് ലാഭത്തിൽ കൊണ്ടുപോകാൻ കഴിയും.

പ്രൊഫ. കെ. വി. തോമസ് : ബഹുമാനപ്പെട്ട ബാലൻ സൂചിപ്പിച്ചതു പോലെ ഭക്ഷണം പാകം ചെയ്യുന്നതിനും റസ്റ്റോറന്റ് നടത്തുന്നതിനും ഗവൺമെന്റ് ഏറ്റെടുത്തു ചെയ്യുന്നതിനുള്ള പരിമിതികൾ എല്ലാവർക്കും അറിയാം. പ്രൈവറ്റ് മേഖലയുമായി കോമ്പീറ്റ് ചെയ്യാൻ വളരെ ബുദ്ധിമുട്ടാണ്. വീട്ടിൽ പാചകം ചെയ്യുന്നതുപോലെ ഗവൺമെന്റ് ഗസ്റ്റ്ഹൗസിൽ കിട്ടുമോ ? അതുകൊണ്ട് ഈ യാഥാർത്ഥ്യം കൂടി മനസ്സിലാക്കിക്കൊണ്ട് ഇത്തരം കേന്ദ്രങ്ങളിൽ ഗവൺമെന്റ് ഗസ്റ്റ്ഹൗസ് നടത്തണം, ഭക്ഷണം പാകം ചെയ്യണമെന്നു പറഞ്ഞാൽ നടത്താൻ പറ്റുമോ ?

ശ്രീ. കെ. കെ. ഷാജു : ലീസിന് നല്കുന്നതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു, ഒരു കേന്ദ്ര നയത്തിന്റെ ഭാഗമായിട്ടാണ് ഈ നീക്കം എന്നു പറഞ്ഞു. എന്റെ ചോദ്യം ഈ നയത്തിന്റെ ഭാഗമായിട്ടാണോ ആലപ്പുഴ ജില്ലയിൽ മുഹമ്മയ്ക്കടുത്തുള്ള പാതിരാ മണൽ സങ്കേതം ഒബ്റോയ് ഗ്രൂപ്പെന്ന സ്വകാര്യ വ്യക്തികൾക്ക് കൈമാറാൻ തീരുമാനിച്ചത് ? എന്നാണ് ഇതിനെ സംബന്ധിച്ചുള്ള ആലോചനയും തീരുമാനവും ഉണ്ടായതെന്നു വ്യക്തമാക്കാമോ ?

പ്രൊഫ. കെ. വി. തോമസ് : ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ല. പാതിരാ മണലിന്റെ കാര്യത്തിൽ ഇതുവരെയും ഒരു തീരുമാനം എടുത്തിട്ടില്ല. ഇവിടത്തെ ജനപ്രതിനിധികളെ വിളിച്ചുകൂട്ടി ജനപ്രതിനിധികളുടെ ഹിതമനുസരിച്ചുള്ള തീരുമാനം പാതിരാമണലിന്റെ കാര്യത്തിൽ എടുക്കുക എന്നുള്ളതാണ് ഞങ്ങൾ എടുത്ത തീരുമാനം. ഒരു യോഗം കഴിഞ്ഞു. അടുത്ത യോഗം വിളിച്ചു കൂട്ടും.

ശ്രീ. സി. മോയിൻകുട്ടി : ഈ ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്തുകൊണ്ട് ഇക്കോ ടൂറിസത്തിന് സാദ്ധ്യതയുള്ള വിശേഷിച്ച് എന്റെ മണ്ഡലമായ തുഷാരഗിരി പോലുള്ള പ്രദേശത്ത് അത് പൂർണമായി പ്രയോജനപ്പെടുത്തുന്നതിനും ബി. ഒ. ടി. അടിസ്ഥാനത്തിൽ യാത്രി നിവാസുകളും, അതുപോലുള്ള സ്ഥാപനങ്ങളും നിർമ്മിക്കുന്നകാര്യം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പരിഗണനയിൽ ഉണ്ടോ ? അത്തരം സ്ഥാപനങ്ങൾ നടത്തുന്നതിന് വല്ല ശ്രമങ്ങളും നടത്തുമോ ?

പ്രൊഫ. കെ. വി. തോമസ് : സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന ആദ്യത്തെ മാസ്റ്റർ പ്ലാനിൽ ഒന്നു വരുന്നത് വയനാട്ടിലെ ഇക്കോ ടൂറിസമാണ്. അവിടത്തെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് സംസ്ഥാന ടൂറിസം വകുപ്പിനും പി. ഡബ്ല്യു.ഡി.-ക്കും പ്രോജക്ട്സ് ഉണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലുള്ള യാത്രി നിവാസുകളും വിശ്രമ കേന്ദ്രങ്ങളുമൊക്കെ നമുക്ക് ജോയിന്റായിട്ട് നടത്തുന്നതിന് വിരോധമില്ല. പ്രൊപ്പോസൽ വന്നിട്ടുണ്ട്. ഇവിടെയുള്ള ജനപ്രതിനിധികളുമായി സംസാരിച്ചുകൊണ്ട് അത് നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ : കേന്ദ്ര ഗവൺമെന്റിൽനിന്ന് അമ്പതുമുതൽ എഴുപത്തിയഞ്ചു ശതമാനം ധനസഹായം ലഭിച്ചിട്ടാണ്. ഈ യാത്രി നിവാസും ടൂറിസ്റ്റ് കോംപ്ലക്സുമൊക്കെ നടത്തുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കി. കേന്ദ്ര ഗവൺമെന്റിൽനിന്നുള്ള ചില നിർദ്ദേശങ്ങളും സംസ്ഥാന പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഇത്തരം സ്ഥാപനങ്ങളെ സംബന്ധിച്ച് തയ്യാറാക്കിയ വളരെ പ്രയോജനപ്രദമായ റിപ്പോർട്ടും ഈ ഗവൺമെന്റിന്റെ കയ്യിലുണ്ട്. അവിടുത്തെ അക്കൗണ്ടിംഗ് സമ്പ്രദായം, സൂപ്പർവിഷൻ എന്നിത്യാദി കാര്യങ്ങളെല്ലാം ഒന്ന് നന്നാക്കിയാൽ തീർച്ചയായും ഇത് ലാഭകരമാക്കുവാൻ പറ്റും. ഭക്ഷണത്തിന്റെ കാര്യത്തെപ്പറ്റിയാണെങ്കിൽ മനസ്സിലാക്കിയിടത്തോളം അവിടത്തെ ജീവനക്കാർ തമ്മിലുള്ള ഒരു ധാരണയിലാണ് നടക്കുന്നത്. ഗവൺമെന്റിന് നഷ്ടവും ലാഭവുമില്ലാത്ത ഒരു പ്രസ്ഥാനമാണ്. അതുകൊണ്ട് നമ്മുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിതന്നെ പ്രത്യേകമായി ഇത്തരം സ്ഥാപനങ്ങളെപ്പറ്റി എഴുതി ഉണ്ടാക്കിയിട്ടുള്ള റിപ്പോർട്ട് പരിഗണിച്ച് നടപ്പിലാക്കുവാൻ പറ്റുമോ എന്ന തീരുമാനത്തിന് ശേഷം പോരേ ഈ ഏല്പിച്ചു കൊടുക്കൽ എന്നാണ് എനിക്കുള്ള ചോദ്യം.

പ്രൊഫ. കെ. വി. തോമസ് : നിർദ്ദേശങ്ങൾ പരിഗണിക്കും. പക്ഷേ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം പ്രായോഗികമായ പ്രശ്നങ്ങളൊക്കെ കണ്ടുകൊണ്ട്, പുതുതായി വരുന്ന നിർദ്ദേശമാണ്. സ്വാഭാവികമായും ഇത് ചർച്ച ചെയ്യപ്പെടും. എല്ലാവരും പരിശോധിച്ചതിനുശേഷം മാത്രമേ നടപ്പിലാക്കൂ.

ശ്രീ. വി. ഡി. സതീശൻ : കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി തന്നെയാണ് കേരളത്തിൽ യാത്രി നിവാസുകളും ടൂറിസ്റ്റ് കോംപ്ലക്സുകളും സ്ഥാപിച്ചുള്ളത്. ഈ നയം മാറ്റത്തിനുള്ള പ്രധാന കാരണം ഇത് നടത്തിക്കൊണ്ടു പോകുന്നതിനുള്ള എല്ലാ ചെലവും താങ്ങാൻ കഴിയാത്തതുകൊണ്ടും വലിയ നഷ്ടം സംഭവിക്കും എന്നുള്ളതുകൊണ്ടുമാണ് എന്നാണ് ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. എന്റെ ചോദ്യം കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നമ്മുടെ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള ഇത്തരം സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന നഷ്ടം എത്രയാണെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ ? സ്വകാര്യ മേഖലയ്ക്ക് ലീസിന് കൊടുത്തു കഴിഞ്ഞാൽ ഇതിനകത്ത് ലാഭം ഉണ്ടാക്കുവാൻ കഴിയുമോ ? എത്ര ശതമാനം ലാഭമുണ്ടാക്കുവാൻ കഴിയുമെന്നുള്ള കണക്കുകൾ ഗവൺമെന്റിന്റെ കയ്യിലുണ്ടോ ?

പ്രൊഫ. കെ. വി. തോമസ് : പലതും വലിയ നഷ്ടത്തിലാണ്. ഇപ്പോൾ മാളയിൽ ഒരു ഗസ്റ്റ് ഹൗസ് പണിത് പണി പൂർത്തീകരിച്ചെങ്കിലും അതു നടത്തുവാനുള്ള സംവിധാനം ഇല്ലാത്തതുകൊണ്ട് തുറക്കാൻ കഴിഞ്ഞില്ല. ഇത്തരം കാര്യങ്ങൾ പരിശോധിച്ച ശേഷം ഗവൺമെന്റിന് ഇതൊന്നും സബ്സിഡൈസ് ചെയ്തു കൊടുക്കുന്നതിനുള്ള യാതൊരു സാഹചര്യവുമില്ല. അതുകൊണ്ട് പ്രായോഗികമായി ഇത് നടത്തുന്ന സമീപനമാണ് ഗവൺമെന്റ് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. മണി : തെക്കേ ഇൻഡ്യയിലെ കാശ്മീർ എന്നും സ്വിറ്റ്സർലാന്റിന്നും വിശേഷിപ്പിക്കപ്പെടുന്ന മൂന്നാറിൽ ഒരു കെ. ടി. ഡി. സി. ഹോട്ടലുണ്ട്. ബ്ലൈഡാണ്. ഞാൻ ഗവൺമെന്റിനെയും മന്ത്രിയെയും കുറ്റം പറയുന്നില്ല. കാരണം മുൻ ഗവൺമെന്റിന്റെ കാലത്ത് ഉദ്ഘാടനം ചെയ്യപ്പെട്ട ഹോട്ടലാണ്. സഖാക്കളാണ് അവിടത്തെ സ്റ്റാഫുകൾ. അവരുടെ സ്വന്തം പാർട്ടിയിലുള്ള ആൾക്കാരുണ്ട്. നഷ്ടം ഉണ്ടാകുന്നത് സാഭാവികമാണ്.

മി. സ്പീക്കർ : ചോദ്യത്തിനകത്ത് ഇത് വരരുത്, വരരുത് എന്ന് പല പ്രാവശ്യം പറഞ്ഞു.

ശ്രീ. എ. കെ. മണി : സത്യം പറഞ്ഞു എന്നുമാത്രം.

മി. സ്പീക്കർ : സത്യം ഇവിടെ പറയുന്നതിന് കോൺടക്സ്റ്റ് എന്താണ് ? ഇവിടെ കമ്മ്യൂണിസ്റ്റായാലും കോൺഗ്രസ് ആയാലും ഇമ്മിഡിയറ്റായിട്ട് എന്ത് ചെയ്യണമെന്ന് പറയണം.

ശ്രീ. എ. കെ. മണി : ഇവിടെ സാധാരണക്കാർ വരുന്ന കാര്യം വളരെയധികം ബുദ്ധിമുട്ടാണ്. മൂന്നാറിനെ സംബന്ധിച്ചിടത്തോളം സാധാരണക്കാരനെയും കൂടി, മിഡിൽ റേഞ്ച് ആൾക്കാരെ കൂടി ഉൾക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാകണം. അത് സ്വീകരിക്കുവാനും അവർക്ക് വേണ്ട ആവശ്യകാര്യങ്ങൾ ചെയ്തു കൊടുക്കുവാനും ഗവൺമെന്റ് തയ്യാറാകുമോ ? 1991-ലും 1996-ലും ഈ രണ്ട് ഗവൺമെന്റിന്റെ കാലത്തും മൂന്നാറിൽ യാത്രി നിവാസ് പണിയാൻ വേണ്ടി 1991-ലെ ഗവൺമെന്റ് തീരുമാനം എടുക്കുകയും ആവശ്യമുള്ള ഫണ്ട് മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട് എന്നാണ് എനിക്ക് കിട്ടിയ അറിവ്. ഇവിടെ കെട്ടിടം പണി തുടങ്ങാനായിട്ട് വേറെ ഏതെങ്കിലും സാഹചര്യത്തിൽ എന്തെങ്കിലും തീരുമാനം ഈ ഗവൺമെന്റ് എടുത്തിട്ടുണ്ടോ ? ടൂറിസ്റ്റുകളോട് താല്പര്യം കാണിക്കുന്ന ഒരു മന്ത്രി എന്ന നിലയിൽ എത്രയും വേഗം മൂന്നാറിൽ വരുന്ന ജനങ്ങളെ സംരക്ഷിക്കുവാൻ വേണ്ടി യാത്രി നിവാസ് പണിയാൻ തീരുമാനം എടുക്കുമോ ?

പ്രൊഫ. കെ. വി. തോമസ് : മൂന്നാർ യാത്രി നിവാസിനെ സംബന്ധിച്ചിടത്തോളം സ്ഥലം കിട്ടിക്കഴിഞ്ഞാൽ പണി ആരംഭിക്കും.

ശ്രീ. വി. കെ. ചന്ദ്രൻ : യാത്രി നിവാസുകളും ടൂറിസ്റ്റ് കോംപ്ലക്സുകളും സ്വകാര്യ വ്യക്തികളെ ഏല്പിക്കുന്നതുപോലെതന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഗസ്റ്റ് ഹൗസുകളിലും വരുന്ന ടൂറിസ്റ്റുകൾക്കും അവിടെയുള്ള ഉദ്യോഗസ്ഥൻമാർക്കും യാത്ര ചെയ്യുന്നതിനുവേണ്ടി വൈറ്റിലയിലെ എ. ടി. എസ്. എന്നു പറയുന്ന കമ്പനിയെ ഉപയോഗിക്കുകയാണ്. കേരളത്തിൽ എവിടെ വരുന്ന ആളുകൾക്കും യാത്രയ്ക്കു വേണ്ടി ഉപയോഗിക്കുവാനുള്ള അനുവാദം അവർക്ക് കൊടുത്തിരിക്കുകയാണ് അതുമൂലം ടൂറിസ്റ്റുകളും ഉദ്യോഗസ്ഥന്മാരും ഒട്ടനവധി സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഇങ്ങനെയൊരു കമ്പനിക്ക് കേരളത്തിലാകെ, മൊത്തം ഓടുന്നതിനുള്ള അനുവാദം കൊടുത്തത് എന്തു കൊണ്ടാണ് ? ഇതുകൊണ്ട് ഈ ഗവൺമെന്റിന് ഉണ്ടാകുന്ന നേട്ടം എന്ത് എന്നതിനെക്കുറിച്ച് വിശദീകരിക്കാമോ ?

പ്രൊഫ. കെ. വി. തോമസ് : ഈ ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളിൽ മാത്രം ഗവൺമെന്റിന്റെ വണ്ടി കിട്ടാതെവരുന്ന പ്രത്യേക സാഹചര്യങ്ങളിലാണ് പുറത്ത് നിന്ന് വണ്ടികൾ വിളിക്കുന്നത്. വിപുലമായ അഡ്വർട്ടൈസ്മെന്റ് നടത്തി സുതാര്യമായ മാർഗ്ഗത്തിലാണ് ഈ കമ്പനിയെ നിശ്ചയിച്ചത്. ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളിൽ വണ്ടി ഇല്ലാതെ വരുന്ന പ്രത്യേക സാഹചര്യങ്ങളിൽ മാത്രമാണ് ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നത്.

ശ്രീ. കെ. എ. ചന്ദ്രൻ : നെല്ലിയാമ്പതി സാധാരണക്കാരുടെ, പാവപ്പെട്ട ആളുകളുടെ ഊട്ടിയാണ്. പറമ്പിക്കുളം കേരളത്തിലെ ഒന്നാന്തരം വന്യമൃഗ സംരക്ഷണ കേന്ദ്രമാണ്. ഈ രണ്ടിടങ്ങൾക്കും മുൻകാലങ്ങളിൽ അർഹിക്കുന്ന അംഗീകാരമോ വികസനമോ നടത്തിയിട്ടില്ല. നെല്ലിയാമ്പതി എസ്റ്റേറ്റുകൾ ക്ഷീണിച്ചു വരുന്നു. ഈ സന്ദർഭത്തിൽ ടൂറിസം മേഖല കൊണ്ടു മാത്രമേ അവിടെ ഐശ്വര്യപൂർണ്ണമാക്കുവാൻ പറ്റൂ. അതിന് ബഹുമാനപ്പെട്ട മന്ത്രി നബാർഡിന്റെ ധനസഹായത്തോടുകൂടി ഇരുപത്തിയഞ്ചു കോടി രൂപ വായ്പയായി എടുത്ത് റോഡ് വികസനം നടത്താൻ പ്രവൃത്തി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പക്ഷേ പണി തുടങ്ങിയിട്ടില്ല. നെല്ലിയാമ്പതിയിൽ യാത്രി നിവാസ് പണിയാൻ അനുമതി നല്കിയിട്ടുണ്ടെങ്കിലും അതിന്റെ പണിയും തുടങ്ങിയിട്ടില്ല. കഴിയും വേഗം അംഗീകാരം കൊടുത്ത് സാധാരണക്കാർക്ക് വിനോദ സഞ്ചാരത്തിന് പ്രയോജനപ്പെടുത്താവുന്ന ഈ നെല്ലിയാമ്പതിയെയും പറമ്പിക്കുളത്തെയും ടൂറിസത്തിന്റെ മേഖലയായി മാറ്റുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ ?

പ്രൊഫ. കെ. വി. തോമസ് : പാലക്കാട്ട് നെല്ലിയാമ്പതി റോഡ് നിർമ്മിക്കുന്നതിനുവേണ്ടി സംസ്ഥാന ടൂറിസം ഡിപ്പാർട്ടുമെന്റ് പി.ഡബ്ല്യു.ഡി. ഡിപ്പാർട്ടുമെന്റിൽ ഇരുപത്തിയഞ്ചു കോടി രൂപ ഡെപ്പോസിറ്റ് ചെയ്തു. പി.ഡബ്ല്യു.ഡി. ടെൻഡർ വിളിച്ചു. അവർ ടെൻഡർ കോൺട്രാക്ടറെ ഏല്പിച്ചു. മറ്റു കാര്യങ്ങൾ വളരെ വേഗത്തിൽ പോകും. നെല്ലിയാമ്പതി യാത്രി നിവാസിനെ സംബന്ധിച്ചിടത്തോളം അതിന്റെ സ്ഥലം കളക്ടർ കൈമാറി കഴിഞ്ഞാൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

ശ്രീ. കെ. രാധാകൃഷ്ണൻ : കേരളത്തിന്റെ പ്രശസ്തി അന്തർദേശീയതലം വരെ എത്തുന്ന ഒരു പ്രധാനപ്പെട്ട സ്ഥാപനം എന്റെ നിയോജകമണ്ഡലത്തിലുണ്ട്. കേരള കലാമണ്ഡലം. ആ കലാമണ്ഡലത്തിൽ വിദേശ ടൂറിസ്റ്റുകളും ഇൻഡ്യയിലുള്ള ടൂറിസ്റ്റുകളും നമ്മുടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ടൂറിസ്റ്റുകളുമെല്ലാം ധാരാളം എത്തുന്നുണ്ട്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്തു കൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി കേരള കലാമണ്ഡലത്തിനോട് ചേർന്ന് ഒരു യാത്രി നിവാസ് നിർമ്മിക്കുവാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

പ്രൊഫ. കെ. വി. തോമസ് : ബഹുമാനപ്പെട്ട അംഗത്തിന് അറിയുന്നതുപോലെ സംസ്ഥാന ടൂറിസം ഡിപ്പാർട്ടുമെന്റ് വളരെയധികം സഹായം ചെയ്യുന്ന ഒരു സ്ഥാപനമാണ് കേരള കലാമണ്ഡലം. അവിടെ ഗുരുക്കന്മാരോടൊപ്പം ഒരു ദിവസം എന്ന പ്രോജക്ട് ഉണ്ടാക്കുകയും ഇരുപത്തിയഞ്ചു ലക്ഷം രൂപ ബഹുമാനപ്പെട്ട അംഗംതന്നെ നിർദ്ദേശിച്ചതനുസരിച്ച് ഞങ്ങൾ നൽകുകയും ചെയ്തു. അവിടം

LIBRARY ARCHIVES Kerala Legislative Assembly

സന്ദർശിച്ച സന്ദർഭത്തിൽ പറഞ്ഞു, താമസ സൗകര്യത്തിനും എന്ത് സംവിധാനം വേണമെങ്കിലും ഗവൺമെന്റ് അവിടെ ഉണ്ടാക്കുവാൻ തയ്യാറാണ്. അത് ഏത് പ്രോജക്ടിൽപ്പെടുത്തിയും നടപ്പിലാക്കുന്നതാണ് എന്ന്. യാത്രി നിവാസിൽപ്പെടുത്തി എങ്കിൽ യാത്രി നിവാസിൽപ്പെടുത്തി അല്ലെങ്കിൽ സംസ്ഥാന ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടുകൂടി നടത്തുവാൻ തയ്യാറാണെന്ന് ഞാൻ. ബഹുമാനപ്പെട്ട അംഗത്തെയും കലാമണ്ഡലത്തിന് നേതൃത്വം കൊടുക്കുന്നവരെയും അറിയിച്ചിട്ടുണ്ട്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ : ടൂറിസ്റ്റ് കോംപ്ലക്സുകളും യാത്രീനിവാസുകളും വാടകയ്ക്ക് കൊടുക്കുന്നതുമായി ബന്ധപ്പെട്ട പഠനത്തിന് ഒരു വകുപ്പിനെ നിയോഗിച്ചതായിട്ട് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ വ്യാപകമായി ടൂറിസത്തിന്റെ കീഴിലുള്ള കെ.ടി.ഡി.സി. ബിയർ പാർലറുകൾ ആരംഭിക്കുകയുണ്ടായി. ആ ബിയർ പാർലറുകളൊക്കെ പ്രൈവറ്റ് മേഖലയിലെ ഏജൻസികളെ ഏൽപ്പിച്ച് ലാഭകരമായി നടത്തിക്കൊണ്ടുപോയി കെ.ടി.ഡി.സി-യുടെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുന്ന രീതിയിൽ ഏതെങ്കിലുമൊരു ചർച്ചയോ, ആലോചനയോ ഇപ്പോൾ ടൂറിസം വകുപ്പ് നടത്തുന്നുണ്ടോ ?

പ്രൊഫ. കെ .വി തോമസ് : കെ.ടി.ഡി.സി-ക്ക് നടത്താൻ താൽപ്പര്യമുള്ള എല്ലാ ബിയർ പാർലറുകളും സംസ്ഥാന എക്സൈസ് പോളിസിക്ക് അനുസൃതമായി നടത്തുന്നതിനുള്ള സമീപനമാണ് ടൂറിസം ഡിപ്പാർട്ടുമെന്റ് എടുത്തിട്ടുള്ളത്. ഇപ്പോൾ ബിയർ പാർലർ കെ.ടി.ഡി.സി നടത്തുന്നതായാലും, പ്രൈവറ്റ് മേഖല നടത്തുന്നതായാലും അത് സംസ്ഥാന എക്സൈസ് പോളിസിയുമായി ബന്ധപ്പെട്ടു മാത്രമേ നടത്താൻ ഒക്കുകയുള്ളൂ. അതുപോലെ കെ.ടി.ഡി.സി. ബിയർ പാർലർ നടത്തുന്നതും സംസ്ഥാന എക്സൈസ് പോളിസിക്ക് അനുസൃതമായിട്ടാണ്.

ശ്രീ. പി. ജയരാജൻ : യാത്രീനിവാസുകളുടെ നടത്തിപ്പ് ഗവൺമെന്റിൽ നിന്ന് മാറ്റിക്കൊണ്ട് മറ്റ് ഏജൻസികൾ നടത്താൻ വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശമാണ് മന്ത്രി ഇവിടെ വിശദമാക്കിയത്. ആ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഇതിന്റെ നടത്തിപ്പിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളേയും സഹകരണ സ്ഥാപനങ്ങളേയും ചുമതലപ്പെടുത്തുമെന്ന് മന്ത്രി പറയുകയുണ്ടായി. എന്നാൽ ഗവൺമെന്റ് സെക്രട്ടറിയുടെ ഒരു ഉത്തരവുണ്ട്. General Administration, Tourism എന്ന ഡിപ്പാർട്ട്മെന്റിന്റെ..... സർ, അതിൽ പറയുന്നത് Director, Department of Tourism from the letter read above .....

മി.സ്പീക്കർ : Come to the question. ചോദ്യോത്തര വേളയിലല്ല അതൊക്കെ വായിക്കേണ്ടത്. You put the question.

ശ്രീ. പി. ജയരാജൻ : ഞാൻ പറയുന്നത്, operation of above units with private agencies എന്നാണ് പറയുന്നത്. അപ്പോൾ പ്രൈവറ്റ് ഏജൻസിക്ക് കൊടുക്കാൻ വേണ്ടിയിട്ടാണ് ഗവൺമെന്റ് ഓർഡർ. മാർഗ്ഗ നിർദ്ദേശം പറയുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അതുപോലെ തന്നെ സൊസൈറ്റികളും എന്ന്. ഇത് എങ്ങനെയാണ് പൊരുത്തപ്പെടുക ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ് : ഇത് സുതാര്യമായ മാർഗ്ഗത്തിൽ കൊടുക്കുമ്പോൾ ആ സന്ദർഭത്തിൽ സൊസൈറ്റികളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ മുന്നോട്ടു വന്നാൽ അവർക്ക് പ്രിഫറൻസ് കൊടുക്കും.

.ശ്രീ. പ്രയാർ ഗോപാല കൃഷ്ണൻ : യാത്രീനിവാസുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളും നഷ്ടത്തിലായതുകൊണ്ട് ലീസിന് കൊടുക്കുന്നതിനേക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. ഈ സ്ഥാപനങ്ങൾ സ്ഥാപിക്കുമ്പോൾ ആവശ്യമായ എന്തു മാനദണ്ഡമാണ് സ്വീകരിക്കുന്നത് ? ഇത് ലാഭനഷ്ടം മാത്രം കണക്കാക്കേണ്ടതല്ല. ലാഭവും നഷ്ടവും കണക്കാക്കിയതിന്റെ അടിസ്ഥാനത്തിലാണോ ഇപ്പോൾ ഗവൺമെന്റ് ഹൗസുകളിൽ എം.എൽ.എ - മാർക്ക് താമസിക്കണമെങ്കിൽ 10 ദിവസം മുമ്പ് നോട്ടീസ് കൊടുക്കണമെന്ന് പറഞ്ഞിട്ടുള്ളത് ? അത് വിത്ഡ്രോ ചെയ്യുവാൻ ബഹുമാനപ്പട്ട ഗവൺമെന്റ് തയ്യാറാകുമോ

പ്രൊഫ. കെ. വി. തോമസ് : ഇത് നേരിട്ട് ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വരുന്ന ഒരു കാര്യമല്ല. ഇത് ജി.എ.ഡി.യിൽ വരുന്ന ഒരു കാര്യമാണ്. ഇത് ജി.എ. ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് കൊണ്ടു വന്നിട്ടുണ്ട്. ഈ പ്രശ്നം എം.എൽ.എ.മാർ എന്റെ മുമ്പിൽ കൊണ്ടു വന്നപ്പോൾ അത് ജി.എ.ഡി. യുടെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ : എന്തിനാണ് ബഹളം ഉണ്ടാക്കുന്നത് ? ആവശ്യമില്ലാതെ സഭയിൽ ബഹളം ഉണ്ടാക്കാതെ. ഞാൻ ചോദ്യം ചോദിച്ചോട്ടെ, സർ, അങ്ങിവിടെ പറഞ്ഞ മറുപടി ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഗസ്റ്റ്ഹൗസുകൾ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നില്ല എന്നാണ്. എന്നാൽ പൊൻമുടി ഉൾപ്പെടെയുള്ള രണ്ട് ഗസ്റ്റ്ഹൗസുകൾ കൈമാറിയിരിക്കുന്നതായിട്ട് വ്യാപകമായി പ്രചരിക്കുന്നു. അതേക്കുറിച്ച് അങ്ങ് ഒന്ന് പരിശോധിക്കണം. എന്റെ ചോദ്യം പത്ര വാർത്തകളൊക്കെയുണ്ട്. പത്ര വാർത്തയായതു കൊണ്ടാണ് പറയാത്തത്. യാത്രീനിവാസുകളെയും ടൂറിസ്റ്റ് കോംപ്ലക്സുകളേയും സംബന്ധിച്ച് അങ്ങ് സ്വകാര്യ മേഖലയ്ക്കും അതല്ല ചോദിക്കുന്ന സ്ഥാപനങ്ങൾക്കൊക്കെ കൊടുക്കുമെന്ന് പറഞ്ഞ് ഇറങ്ങിയിരിക്കുന്ന ഓർഡറിനെക്കുറിച്ചും പറഞ്ഞു. പക്ഷേ ഇങ്ങനെ വരുമ്പോൾ ഇത് സ്വകാര്യ മേഖലയ്ക്കോ മറ്റ് സ്ഥാപനങ്ങൾക്കോ കൈമാറുമ്പോൾ ഈ യാത്രീനിവാസുകളിലും ടൂറിസ്റ്റ് കോംപ്ലക്സുകളിലും ഇപ്പോൾ ജോലി ചെയ്യുന്ന ജീവനക്കാരെ എങ്ങനെ പുനർവിന്യസിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

പ്രൊഫ. കെ. വി. തോമസ് : നിലവിലുള്ളതിനേക്കുറിച്ചല്ല ഈ പ്രശ്നം. പുതുതായി ആരംഭിക്കാൻ പോകുന്നതിനെക്കുറിച്ചുള്ള നിർദ്ദേശമാണ് വന്നിരിക്കുന്നത്. ശ്രീ. പിരപ്പൻകോട് മുരളിയുടെ നിയോജക മണ്ഡലത്തിൽപ്പെട്ട പൊൻമുടിയുടെ കാര്യം ഞങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.

മി.സ്പീക്കർ: പൊൻമുടി, അതുതന്നെയാണ് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ് : പൊൻമുടി അതൊന്നും കൊടുക്കാൻ ഉദ്ദേശമേയില്ല. അവിടത്തെ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.യുമായി ഞങ്ങൾ ചർച്ച ചെയ്ത് അത് എങ്ങനെ ഫലപ്രദമാക്കാം എന്നാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ സാന്നിദ്ധ്യത്തിൽ രണ്ട് ചർച്ചകൾ കഴിഞ്ഞു. അത് ഏറ്റവും നല്ലയൊരു ടൂറിസ്റ്റ് കേന്ദ്രമായി വളർത്തിയെടുക്കുന്നതിന് ബഹുമാനപ്പെട്ട അംഗത്തിന്റെ കൂടി നിർദ്ദേശം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. മുരളി : ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, സാധാരണക്കാരായ യാത്രക്കാർക്ക്, ആഭ്യന്തര ടൂറിസ്റ്റുകൾക്ക്, താമസിക്കാനുള്ള സൗകര്യങ്ങളാണ് കേന്ദ്ര ഗവൺമെന്റ് കൂടി ആവിഷ്കരിച്ചിരിക്കുന്ന ഈ യാത്രീനിവാസിലൂടെ ലഭ്യമാകുന്നത്. ഇത് സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ ശ്രമിച്ചാൽ ഈ ആഭ്യന്തര ടൂറിസം സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അപ്രാപ്യമാകും. അതുകൊണ്ട് ഈ പരിഗണനകൾ നടന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുവാനുള്ളത് അല്ലെങ്കിൽ ചോദിക്കുവാനുള്ളത് കേരള ടൂറിസ്റ്റ് റിസോർട്ട്സ് ലിമിറ്റഡ് മാതൃകയിൽ കഴിഞ്ഞ ഗവൺമെന്റ് ഉണ്ടാക്കിയ ഈ സ്ഥാപനങ്ങളിൽ എല്ലാം കച്ചവടം നടത്തുവാൻ കഴിഞ്ഞ ഗവൺമെന്റ് രൂപീകരിച്ചതാണ് കേരളാ ടൂറിസ്റ്റ് റിസോർട്ട്സ് ലിമിറ്റഡ്. പക്ഷേ അതിനു പകരമായി കേന്ദ്ര ഗവൺമെന്റിന്റെ കൂടി അംഗീകാരത്തോടെ നിലവിലുള്ള യാത്രീനിവാസുകളുടെ ഭരണം നിർവഹിക്കാനും, പുതിയത് സ്ഥാപിക്കാനും, ആരംഭിക്കാനും അത് നടത്തിക്കൊണ്ട് പോകാനുമായി പ്രത്യേക ലിമിറ്റഡ് കമ്പനി നമ്മുടെ സംസ്ഥാനത്ത് രൂപീകരിച്ചുകൊണ്ട് സാധാരണക്കാർക്ക് ആഭ്യന്തര ടൂറിസം പ്രാപ്യമാക്കാൻ വേണ്ടിയിട്ടുള്ള നടപടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

മി. സ്പീക്കർ : കെ.ടി.ഡി.സി- ഇല്ലേ ?

ശ്രീ. എം. മുരളി : കെ.ടി.ഡി.സി.-ക്ക് അത് കൊണ്ടുപോകാൻ പറ്റില്ല. അവർ മൾട്ടി പർപ്പസ് ആക്റ്റിവിറ്റീസ് ഉള്ളവരാണ്. അവർക്ക് ഒരുപാട് ആക്റ്റിവിറ്റീസ് ഉണ്ട്.

മി. സ്പീക്കർ : അതുതന്നെയാണ് അവരുടെ മെയിൻ ആക്റ്റിവിറ്റീസ്.

ശ്രീ. എം. മുരളി : അവർക്ക് വേറെ ഒരുപാട് ആക്റ്റിവിറ്റീസുണ്ട്. കെ.ടി.ഡി.സി. യുടെ മൾട്ടി പർപ്പസ് ആക്റ്റിവിറ്റീസ് ഉള്ളതുകൊണ്ട് വേറൊരു ലിമിറ്റഡ് കമ്പനി രൂപീകരിക്കാൻ ഗവൺമെന്റ് ആലോചിക്കുമോ ?

പ്രൊഫ. കെ. വി. തോമസ് : കെ.ടി.ഡി.സി കേരളത്തിലെ ഏറ്റവും വലിയ ടൂറിസ്റ്റ് ശൃംഖലയാണ്. അവരാണ് ഇത്തരം കാര്യങ്ങൾ ചെയ്യുന്നത്. അതുകൊണ്ടാണ് കെ.ടി.ഡി.സി.-ക്ക് എത്രമാത്രം ഇത്തരം യൂണിറ്റുകൾ നടത്താമോ അതുമുഴുവൻ അവരെ ഏൽപ്പിക്കാനാണ് ഗവൺമെന്റ് തീരുമാനിക്കുന്നത്. ബാക്കി വരുന്നതിനാണ് നമുക്ക് കുറേക്കൂടി സുതാര്യമായ, പ്രായോഗികമായ സമീപനം എടുക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സുജനപാൽ : ഇവിടെ പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. നല്ല ഭക്ഷണം കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്ന്. ഈ യാത്രിനിവാസുകളിലും ഗസ്റ്റ്ഹൗസുകളിലും റെസ്റ്റോറന്റ് തുടങ്ങാൻ വേണ്ടി, ശ്രീ. ബാലൻ സൂചിപ്പിച്ചതു പോലെയുള്ള സ്വകാര്യ മേഖലയ്ക്കു നൽകാൻ വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ; ആ നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കുമോ ?

പ്രൊഫ. കെ. വി. തോമസ് : ഇത് ജനങ്ങൾക്ക് ഗുണകരമായി, ടൂറിസ്റ്റുകൾക്ക് ആകർഷകമാക്കി മാറ്റാൻ സംസ്ഥാന ഗവൺമെന്റ് പദ്ധതി ആലോചിക്കുന്നുണ്ട്. പ്രായോഗിക ബുദ്ധിമുട്ടുകൾ നമ്മുടെ ഗസ്റ്റ്ഹൗസുകളിലാണ്. ഇപ്പോൾ കുക്കിനെ വേണം. ഒന്നുകിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നു വിളിക്കണം, അല്ലെങ്കിൽ പി.എസ്.സി.-യിൽ നിന്ന് വിളിക്കണം. ഇവരൊക്കെ വന്നതിനു ശേഷമാണ് കുക്കിംഗ് ഒക്കെ നടക്കുന്നത്. അവിടെയാണ് ശ്രീ. ബാലൻ സൂചിപ്പിച്ച പ്രൈവറ്റ് ഏജൻസികളുടെ പ്രാധാന്യം. അവർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് വിളിക്കേണ്ട, പി.എസ്.സി.-യിൽ നിന്ന് വിളിക്കേണ്ട കാര്യമില്ല. പിന്നെ നമ്മുടെ കുക്ക് തന്നെ വന്നതിനുശേഷം അങ്ങേയ്ക്ക് അറിയാം, ഗവൺമെന്റ് സർവീസിൽ വന്നാൽ പിന്നെ ലീവായി, സംവിധാനങ്ങളായി, ഇതൊക്കെയാണ് പ്രശ്നങ്ങൾ. അതുകൊണ്ട് പ്രായോഗികമായ ഒരു സമീപനം ഈ രംഗത്ത് എടുത്തില്ലെങ്കിൽ, പ്രത്യേകിച്ച് ഭക്ഷണം കൊടുക്കുന്ന കാര്യത്തിൽ പ്രായോഗികമായ സമീപനമെടുത്തില്ലെങ്കിൽ ഭക്ഷണം കഴിക്കാൻ ആളുകൾക്ക് പറ്റില്ല. അത്രയേയുള്ളൂ.

മി. സ്പീക്കർ : സീപ്പറെ പ്രൊമോട്ട് ചെയ്താൽ പ്യൂണാകും, പ്യൂണിനെ പ്രൊമോട്ടു ചെയ്താൽ കുക്ക് ആകും. ഇവർക്കൊക്കെ എന്ത് കുക്കിംഗ് അറിയാം.

ശ്രീ. ഷിബു ബേബിജോൺ : ആഭ്യന്തര ടൂറിസം ഡെവലപ് ചെയ്യുന്നതിന്റെ ഭാഗമായി യാത്രിനിവാസുകൾ പണിയുകയുണ്ടായെങ്കിലും ഇപ്പോൾ യഥാർത്ഥത്തിൽ സംഭവിച്ചിട്ടുള്ളത് ഡൊമസ്റ്റിക് ടൂറിസവുമില്ല, ഫോറിൻ ടൂറിസവുമില്ലാത്ത ഒരു സ്ഥിതിയാണ്. ബിയർ പാർലറുകളൊക്കെ അനുവദിച്ചതിന്റെ പരിണിത ഫലമായി പലയിടത്തും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും അനാശാസ്യ പ്രവർത്തനങ്ങളുമൊക്കെ കൂടുതലായി നടക്കുന്നു. അതുകൊണ്ട് ഇപ്പോഴത്തെ രീതിയിൽ ഇവയുടെ പ്രവർത്തനം ലാഭകരമല്ല എന്നുള്ളതാണ്. ഏതെങ്കിലും വിദേശികൾ താമസിക്കുന്നുണ്ടെങ്കിൽ അവിടുത്തെ പിച്ചക്കാരാണ്, ഒരു രണ്ടു ഡോളർ, മൂന്നു ഡോളറിന് താമസിക്കാൻ പറ്റുന്ന പിച്ചക്കാരാണ് ഇവിടെ വന്നു താമസിക്കുന്നത്. ഇത് സ്വകാര്യവൽക്കരിക്കുന്നതടക്കം സ്വകാര്യ കമ്പനികളെ ഏൽപ്പിച്ച് ഗവൺമെന്റിന് വരുമാനം കൂടുതൽ വർദ്ധിപ്പിക്കുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് both domestic and foreign tourism attract ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളുമോ ?

പ്രൊഫ. കെ. വി. തോമസ്: സംസ്ഥാന ടൂറിസത്തിന്റെ പോളിസി തന്നെ നമ്മുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ ആണ് ടൂറിസം ഡിപ്പാർട്ടുമെന്റ് നേരിട്ട് 125 കോടി രൂപയുടെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. P.W.D യുമായി യോജിച്ചുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ടും നാലായിരം കോടി രൂപയുടെ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റിന് ഞങ്ങളിപ്പോൾ രൂപം കൊടുത്തിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് പരിപൂർണ്ണമായും അടിസ്ഥാന സൗകര്യങ്ങളിലേയ്ക്ക് മാറുകയാണ്. ഹോട്ടലുകൾ നടത്തുന്നതിനും ഭക്ഷണം കൊടുക്കുന്നതിനുമൊക്കെ സ്വാഭാവികമായിട്ട് സ്വകാര്യമേഖലയ്ക്ക്.... ഇങ്ങനെ മാത്രമേ നടത്താനൊക്കൂ എല്ലാ രാജ്യങ്ങളിലും നടത്തിക്കൊണ്ടിരിക്കുന്നത് ആ സംവിധാനമാണ്.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് നേരത്തെ ശ്രീ. കോടിയേരിയുടെ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞത് ലീസിനു കൊടുത്ത ഭൂമി സബ് ലീസിന് കൊടുക്കുന്നതിന്റെ നിയമവശംകൂടി പരിശോധിച്ചിട്ടു മാത്രമേ കൊടുക്കുകയുള്ളുവെന്ന്. 1965-ൽ തിരുവിതാംകൂർ മഹാരാജാവ് ആയിരുന്ന ചിത്തിരതിരുനാൾ ബാലരാമവർമ്മ, അദ്ദേഹത്തിന്റെ വേനൽക്കാല വസതിയായ കോവളം കൊട്ടാരം ആണ് സംസ്ഥാന ഗവൺമെന്റിന്റെ വിനോദ സഞ്ചാര വകുപ്പിന് നൽകിയത്. ഇപ്പോൾ നമ്മുടെ കൈവശത്തിലാണ് ആ ഭൂമി. ആ ഭൂമിയിലാണ് ഐ.ടി.ഡി.സി. കോവളത്ത് റിസോർട്ടൊക്കെ പണിതത്. അതിപ്പോൾ സ്വകാര്യ വ്യക്തിക്ക് കൊടുത്തിരിക്കുകയാണ്. നമുക്ക് അവകാശപ്പെട്ട ഭൂമി നമ്മളറിയാതെയാണോ കേന്ദ്ര ഗവണ്മെന്റ് കൈമാറിയത്. ഇത് നിയമപരമായി ശരിയാണോ ? നമുക്ക് വല്ല അവകാശവും ഇപ്പോൾ ഐ. ടി.ഡി.സി. നിലനിൽക്കുന്ന സ്ഥലത്തിനുണ്ടോ. അതിന്റെ നിയമവശംകൂടി ഇക്കൂട്ടത്തിൽ പരിശോധിക്കാൻ സർക്കാർ തയ്യാറുകുമോ ?

മി. സ്പീക്കർ : ടൂറിസത്തിന്റെ കീഴിലുള്ള ഏതു ചോദ്യവും ചോദിക്കാമെന്നുള്ളതായി.

പ്രൊഫ. കെ. വി. തോമസ്: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം ഉന്നതതലത്തിൽ പരിശോധിക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഞങ്ങളറിയാതെ അവിടെ നടന്ന ചില കൺസ്ട്രക്ഷൻസ് നിരോധിക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. ഇത് തീർച്ചയായും നിയമപരമായി പരിശോധിച്ച് മാത്രമേ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകൂ.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: ധാരാളം വിശിഷ്ട വ്യക്തികളും ടൂറിസ്റ്റുകളും എത്തിച്ചേരുന്ന ഗുരുവായൂർ, തൃശൂർ ഗസ്റ്റ് ഹൗസുകളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ധാരാളം പണം ചെലവഴിച്ചുവെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അത് സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുകയില്ല എന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ രണ്ടു സ്ഥലങ്ങളിലും പകലും രാത്രിയും സ്ഥിരമായി കറണ്ട് പോകുന്ന സ്ഥിതിവിശേഷമാണുള്ളത്. അവിടെ ഇപ്പോൾ വിശിഷ്ട അതിഥികൾ താമസിക്കാതെയായി. അവിടെ ഈ രണ്ടു സ്ഥലങ്ങളിലും ഓരോ ജനറേറ്ററുകൾ സ്ഥാപിക്കാൻ അങ്ങ് മുൻകൈയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ് : പ്രധാനപ്പെട്ട എല്ലാ ഗസ്റ്റ് ഹൗസുകളിലും ജനറേറ്റർ സ്ഥാപിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. സി. വേണുഗോപാൽ: യാത്രി നിവാസുകളുടെ വികസനമാണ് ചർച്ച. ആലപ്പുഴയിൽ യാത്രി നിവാസ്, ഗവണ്മെന്റ് ഗസ്റ്റ് ഹൗസ്, മോട്ടൽ ആരാം ഇവ മൂന്നും ഒരു കോംപ്ലക്സിലാണ് സ്ഥിതി ചെയ്യുന്നത്. ഭക്ഷണം കഴിയ്ക്കാൻ വരുന്ന ആളുകൾക്ക് പലപ്പോഴും അത്യാവശ്യമായ സൗകര്യം കൊടുക്കുന്നതിനു വേണ്ടി മൊത്തത്തിൽ ഒരു ടൂറിസ്റ്റ് കോംപ്ലക്സ് ആക്കണമെന്ന ആവശ്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതനുസരിച്ച് വല്ല നടപടിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?.

പ്രൊഫ. കെ. വി. തോമസ് : ഇങ്ങനെ ഒരു നിർദ്ദേശം ആലപ്പുഴ ജില്ലയിലെ ജനപ്രതിനിധികൾ ഉന്നയിച്ചിട്ടുണ്ട്. അവിടത്തെ ജനപ്രതിനിധികളെ വിളിച്ചുകൂട്ടി അവരെല്ലാം പറയുന്ന മാർഗ്ഗത്തിലേയ്ക്ക് നീങ്ങാൻ ഗവണ്മെന്റ് തയ്യാറാണ്. കാരണം എന്റെയടുത്ത് പല ആളുകളും പരാതി പറഞ്ഞിട്ടുണ്ട്. ഇതെല്ലാം ഒറ്റ കോംപ്ലക്സിൽ ആണ് നിൽക്കുന്നത്. ഇതിൽ അങ്ങയുടെ അഭിപ്രായംകൂടെ പരിശോധിച്ചശേഷം ആവശ്യമായ സംവിധാനം ആലപ്പുഴയിൽ ഉണ്ടാക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ് : നിയമസഭാംഗങ്ങളുടെ അവകാശ അധികാരങ്ങൾ മറ്റാരെക്കാൾ കൂടുതൽ സംരക്ഷിക്കാൻ താൽപ്പര്യമുള്ള അങ്ങ് അദ്ധ്യക്ഷനായിരിക്കുന്ന ഈ സഭയിൽ ഈയടുത്ത കാലത്ത് ഒരു ഉത്തരവ് ഇറങ്ങുകയുണ്ടായി. എം.എൽ.എ.മാരെക്കാൾ പ്രോട്ടോക്കോൾ താഴെയുള്ള ചീഫ് സെക്രട്ടറിക്ക് റൂം പ്രത്യേകമായി റിസർവ്വ് ചെയ്യണമെന്നാണ് ജി.ഒ.യിൽ പറയുന്നത്. എം.എൽ.എ.മാരെ ഇൻസൾട്ട് ചെയ്യുന്നതിനു തുല്യമാണത്. അതുകൊണ്ട് ആ ഉത്തരവ് റദ്ദാക്കി അടിയന്തരമായി നിയമസഭാംഗങ്ങളുടെ അവകാശ അധികാരങ്ങൾ പുനസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രൊഫ. കെ. വി. തോമസ്: ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഇത് ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വരുന്നതല്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചപ്പോൾ തന്നെ ഞാനിത് ജി.എ.ഡി.യുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ഈയടുത്ത ദിവസങ്ങളിൽ വളരെയധികം ചർച്ചയ്ക്ക് വിഷയമായിരുന്നതാണ് വാഗമണ്ണിൽ പുതുതായി അനധികൃതമായി ടൂറിസ്റ്റ് കേന്ദ്രങ്ങളും മറ്റും നിർമ്മിക്കുന്നതായിട്ട്. ഏഷ്യാനെറ്റിലും കൗമുദിയിലും ഒക്കെ ഡീറ്റൈൽഡായിട്ടുള്ള വാർത്ത വന്ന കാര്യങ്ങളാണ്. അതിനെക്കുറിച്ച് ഗവണ്മെൻറിന് വല്ല അറിവുമുണ്ടോ ? ഗവണ്മെന്റിന്റെ അറിവോടും സമ്മതത്തോടുംകൂടിയാണോ ഇത് നടക്കുന്നത് എന്ന് വ്യക്തമാക്കാമോ?

പ്രൊഫ. കെ. വി. തോമസ്: വാഗമൺ ഇന്ത്യയിലെ ഏറ്റവും വലിയ ഇക്കോ-ടൂറിസം പ്രോജക്ടായിട്ട് ഡവലപ് ചെയ്തു വരികയാണ്. കേന്ദ്ര ഗവണ്മെന്റ് വളരെ വലിയ സഹായം ഇതിന് ചെയ്യുന്നുണ്ട്. അവിടെ കൺസ്ട്രക്ഷനേ ഉദ്ദേശിക്കുന്നില്ല. ജൈവസമ്പത്ത് നഷ്ടപ്പെടുന്നുവെന്ന് പറയുന്ന ആളുകൾ ആ സ്ഥലം കണ്ടിട്ടുണ്ടോ. അത് മുഴുവൻ ഞങ്ങൾ പ്രൊട്ടക്ട് ചെയ്യും. കേന്ദ്ര ഗവണ്മെന്റിന്റെ C.P.W.D ആണ് അതിന്റെ വർക്ക് ചെയ്യുന്നത്. അവിടെ കൺസ്ട്രക്ഷൻ വരുന്നില്ല. ആകെ കൺസ്ട്രക്ഷൻ വരുന്നത് അതിന്റെ പുറത്തായിട്ട് 5 ശതമാനം സ്ഥലത്താണ് ഇപ്പോൾ നടക്കുന്നത് വാഗമൺ പ്രദേശത്തിന്റെ സംരക്ഷണമാണ്. അല്ലാതെ വേറൊന്നും നടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റോഷി അഗസ്റ്റിൻ : മിഡിൽ ലവൽ ടൂറിസ്റ്റുകൾക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് യാത്രി നിവാസ് പ്രയോജനപ്പെടുത്തുന്നതെന്നാണ് മന്ത്രി ഇവിടെ മറുപടി പറഞ്ഞത്. ഇടുക്കിയെ സംബന്ധിച്ചിടത്തോളം ഇടുക്കിയിൽ ആ നിലയിൽ വരുന്ന ടൂറിസ്റ്റുകൾക്ക് താമസിക്കാനാവശ്യമായ സൗകര്യം ഇപ്പോൾ നിലവിലില്ല. ഇടുക്കിയിലോ, മുന്നാറിലോ, തേക്കടിയിലോ ഒക്കെ പോകുന്ന ടൂറിസ്റ്റുകൾക്ക് ഇടുക്കിയിലെ ആർച്ച് ഡാമും ഹിൽവ്യൂ പാർക്കും ഒക്കെ കണ്ടതിനുശേഷം താമസിക്കുവാൻ സൗകര്യമേർപ്പെടുത്തണം. സാധാരണക്കാർക്ക് തങ്ങുവാൻ യാത്രി നിവാസ് പുതുതായി നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഇടുക്കിയിലുണ്ട്. ഡവലപ്മെന്റ് അതോറിറ്റി അതിന് തയ്യാറാവുകയും ചെയ്യും. ആ നിലയിൽ കേന്ദ്ര സഹായത്തോടുകൂടി ഇടുക്കിയുടെ വികസനത്തിനും ടൂറിസത്തിനും കൂടുതൽ പ്രാധാന്യം നൽകത്തക്കനിലയിൽ യാത്രിനിവാസ് ആരംഭിക്കുന്നതിന് ആവശ്യമായ നിലപാട് സ്വീകരിക്കാൻ സാധിക്കുമോ ?

പ്രൊഫ. കെ. വി. തോമസ്: ഇടുക്കിയിൽ ആർച്ച് ഡാം നിർമ്മിക്കുന്ന സന്ദർഭത്തിൽത്തന്നെ ഇലക്ട്രിസിറ്റി ബോർഡിന്റെ ധാരാളം ഗസ്റ്റ് ഹൗസുകൾ അവിടെയുണ്ടായിരുന്നു. അതെല്ലാം ഇപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുപോലെ ചിമ്മിനി ഡാം പണിയുന്ന സമയത്ത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ ധാരാളം വീടുകൾ അവിടെയുണ്ടായിരുന്നു. അത്തരം കാര്യങ്ങൾ റിവ്യൂ ചെയ്യാനുള്ള ഒരു പ്രോജക്ട് ഉണ്ട്. അവിടത്തെ കെട്ടിടങ്ങളും സ്ഥാപനങ്ങളും നിലനിർത്തിക്കൊണ്ട് അത് പ്രയോജനപ്പെടുത്താനുള്ള സംവിധാനത്തെക്കുറിച്ചാണ് ഇപ്പോൾ ആലോചിക്കുന്നത്.

മി. സ്പീക്കർ : യാത്രി നിവാസ് ലീസിന് കൊടുക്കുന്നതാണ് ചോദ്യം. 25 ശതമാനം ആളുകൾ പോലും അത് ചോദിച്ചില്ല.

**തീരപ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾ**

2 (*768) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ · വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശങ്ങളിലെല്ലാം കുടിവെള്ളമെത്തിക്കാൻ പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതനുസരിച്ച് എവിടെയെല്ലാം കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട് ;

(സി) 2002-2003 വർഷത്തിൽ എത്ര പദ്ധതികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട് ;